പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1459 **01-07-2026-ൽ മറുപടിയ്ക്ക്**

പ്രവാസി ക്ഷേമ നിധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പ്രവാസി ക്ഷേമനിധിയിൽ അംശദായം മുടക്കം വന്നിട്ടുള്ള അംഗങ്ങൾക്ക് അറുപത് വയസ്സ് പൂർത്തിയാകുകയും അവർക്ക് അംശദായം കുടിശ്ശിക വന്നതിനാൽ പെൻഷന് അപേക്ഷിക്കാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) അംശദായം അടച്ച് ക്രമപ്പെടുത്തി പെൻഷന് അപേക്ഷിക്കാൻ ഒരു അവസരം കൂടി നൽകാൻ നിലവിലെ സർക്കാർ ആലോചിക്കുന്നുണ്ടോ;

മറുപടി: കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, അംശദായ കുടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് പെൻഷൻ പ്രായത്തിനു ശേഷം കാലപരിധിയില്ലാതെ കുടിശ്ശിക ഒടുക്കി പെൻഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല. എന്നാൽ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുക്കുകയും പെൻഷൻ തീയതിയിൽ ഒരു വർഷത്തിൽ താഴെ അംശദായ കുടിശ്ശിക വരുത്തുകയും ചെയ്തവർക്ക് ആയത് പൂർണ്ണമായി അടച്ച് തീർക്കുന്നതിന് പെൻഷൻ തീയതി കഴിഞ്ഞ് 30 ദിവസത്തെ കാലയളവ് സ്ഥിരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ പ്രൊപോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഒരു വർഷത്തിൽ താഴെ അംശദായ കുടിശ്ശിക ഉണ്ടായിരുന്ന അംഗങ്ങൾക്ക് അംശദായം അടച്ച് ക്രമപ്പെടുത്തി പെൻഷന് അപേക്ഷിക്കാൻ അനുവദിച്ചിരുന്ന രണ്ട് വർഷത്തെ ഇളവ് എത്ര അംഗങ്ങൾക്ക് പ്രയോജനപ്പെട്ടുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

മറുപടി: ഒരു വർഷത്തിൽ താഴെ അംശദായ കുടിശ്ശിക ഉണ്ടായിരുന്ന അംഗങ്ങളിൽ അംശദായം അടച്ച് പെൻഷന് അപേക്ഷിക്കുന്നതിന് രണ്ടു വർഷത്തെ ഇളവ് ലഭിച്ച അംഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	4323

കൊല്ലം	5513
പത്തനംതിട്ട	1780
ആലപ്പുഴ	2605
കോട്ടയം	660
ഇടുക്കി	69
എറണാകുളം	1190
തൃശ്ശൂർ	3682
പാലക്കാട്	1939
മലപ്പുറം	4461
കോഴിക്കോട്	4583
വയനാട്	168
കണ്ണൂർ	4367
കാസർഗോഡ്	1319
ആകെ	**36,659**

(ഡി) മുൻ സർക്കാർ അനുവദിച്ച ഇളവ് ഉത്തരവിൽ കാലദൈർഘ്യം പറഞ്ഞിട്ടുള്ളതിനാൽ ആശയക്കുഴപ്പം ഉണ്ടാകുകയും അതുമൂലം നാമമാത്ര കുടിശ്ശിക വന്ന ആദ്യകാല അംഗങ്ങൾക്ക് ആ അവസരം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല എന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഇല്ല. 16/02/2022 ലെ സഉ.(സാധാ) നം.164/2022/നോർക്ക പ്രകാരം (അനുബന്ധം-1) പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് പെൻഷൻ പ്രായത്തിന് മുമ്പ് അംശദായ അടവിൽ ഒരു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തി പെൻഷന് അർഹത നഷ്ടപ്പെട്ട അംഗങ്ങൾക്ക് 62 വയസ്സിനു ശേഷവും, മുടക്കം വരുത്തിയ താരതമ്യേന കുറഞ്ഞ ടി കുടിശ്ശിക/ പിഴ തുക അടച്ച് പെൻഷന് അപേക്ഷിക്കുന്നതിന് താൽക്കാലിക സംവിധാനമെന്ന നിലയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അനുമതി നൽകിയിരുന്നു.

(ഇ) കാലയളവ് പറയാതെ മൂവായിരത്തി അറുന്നൂറ് രൂപയിൽ കുറവ് അംശദായം മുടക്കം വന്നിട്ടുള്ള എല്ലാ അംഗങ്ങൾക്കും മുൻകാല പ്രാബല്യത്തോടെ ഒരു അവസരം കൂടി നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

മറുപടി: ഇത് സംബന്ധിച്ച് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

ഉ.(സാധാ) നം.164/2022/NORKA

"ഭരണഭാഷ- മാതൃഭാഷ"





കേരള സർക്കാർ

സംഗ്രഹം

കേരളീയ പ്രവാസികാര്യ വകുപ്പ് - കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പെൻഷൻ - അറുപത് വയസ്സു കഴിഞ്ഞതിനു ശേഷം അംശദായ അടവിൽ ഒരു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തി പെൻഷന് അർഹത നഷ്ടപ്പെട്ട അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേരളീയ പ്രവാസികാര്യ (എ) വകുപ്പ്

സ്.ഉ.(സാധാ) നം.164/2022/NORKA തീയതി,തിരുവനന്തപുരം, 16-02-2022

പരാമർശം:- 1. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാന്റെ 27.11.2021 തീയതിയിലെ S14-കെ എൻ ആർ ഡബ്ല്യൂ ബി/സി/2020 നമ്പർ കത്ത്.

2. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02.12.2021 തീയതിയിലെ S3/KNRKWB/PEN/99/2021 നമ്പർ കത്ത്.

ഉത്തരവ്

പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ 7 (1) വകുപ്പ പ്രകാരവും പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെ 21-ാം ഖണ്ഡിക പ്രകാരവും ഒരു വർഷമോ അതിലധികമോ അംശദായ അടവിൽ കുടിശ്ശിക വരുത്തുന്ന പ്രവാസി ക്ഷേമ നിധി അംഗങ്ങളുടെ അംഗത്വം സ്വമേധയാ നഷ്ടമാകുന്നതാണ്. ബോർഡ് നിശ്ചയിച്ചിട്ടുള്ള പിഴയും പിഴ പലിശയും ചേർത്ത് അടച്ച് ടി അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്. പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുക്കുകയും പെൻഷൻ പ്രായത്തിൽ ഒരു വർഷത്തിൽ താഴെ അംശദായ കുടിശ്ശിക വരുത്തുകയും ചെയ്തവർക്ക് ആക്ടിലെ വ്യവസ്ഥ പ്രകാരം അംഗത്വം നഷ്ടമാകുന്നില്ല. വളരെ വലിയ തുക ബോർഡിലേക്ക് അംശദായമായി അടച്ച് വളരെ ചെറിയ തുക മാത്രം നിശ്ചിത കാലയളവിൽ അടയ്ക്കാത്തതു കൊണ്ട് ഇത്തരക്കാർക്ക് പെൻഷൻ നിഷേധിക്കുന്നതു ശരിയായ നടപടിയല്ല എന്നും പെൻഷൻ പ്രായം വരെ അംഗത്വം നിലനിർത്തിയിരുന്നവർക്ക് മുടക്കം വരുത്തിയ താരതമ്യേന കുറഞ്ഞ കുടിശ്ശിക തുക പെൻഷൻ പ്രായം കഴിഞ്ഞ് 2 വർഷത്തിനുശേഷവും അടച്ച് പെൻഷന് അപേക്ഷിക്കുന്നതിന് അവസരം നൽകണമെന്നും, പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് പെൻഷൻ പ്രായത്തിന് മുമ്പ് അംശദായ അടവിൽ ഒരു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങൾക്ക് ബാക്കിയുള്ള അംശദായവും, പിഴ മാത്രം അടയ്ക്കാനുള്ളവർക്ക് പിഴയും, അംശദായവും പിഴയും അടയ്ക്കാനുള്ളവർക്ക് അത് രണ്ടും അടച്ചാൽ തൊട്ടടുത്ത മാസം മുതൽ പെൻഷൻ നൽകേണ്ടതാണെന്നും പരാമർശ കത്തുകൾ പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവാസി ക്ഷേമനിധിയിൽ

അംഗത്വമെടുത്ത് പെൻഷൻ പ്രായത്തിന് മുമ്പ് അംശദായ അടവിൽ ഒരു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തി പെൻഷന് അർഹത നഷ്ടപ്പെട്ട അംഗങ്ങൾക്ക് 62 വയസ്സിനു ശേഷവും, മുടക്കം വരുത്തിയ താരതമ്യേന കുറഞ്ഞ ടി കുടിശ്ശിക/ പിഴ തുക അടച്ച് പെൻഷന് അപേക്ഷിക്കുന്നതിന് താൽക്കാലിക സംവിധാനമെന്ന നിലയിൽ ഒരു അവസരം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം കുടിശ്ശിക അടച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ പെൻഷൻ നൽകാവുന്നതാണ്. മേൽ ആനുകൂല്യം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രം പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു എസ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Binu C
Date: 18-02-2022 10:27:46

സെക്ഷൻ ഓഫീസർ